(ബി) കനാൽ സമയബന്ധിതമായി തുറക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി എ.സി. കനാൽ തുറക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എ.സി. കനാലിന്റെ പുനർ നിർമ്മാണത്തിനായി സർക്കാർ 104 കോടി രൂപയുടെ ഭരണാനുമതി നൽകി.

2. എ.സി. കനാലിന്റെ നിർമ്മാണത്തിന് ആവശ്യമുള്ള ഭൂമിയിൽ നിലവിൽ അനധികൃതമായി കൈയ്യേറ്റം ചെയ്തിരിക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും കൂടുതൽ ആവശ്യമായ ഭൂമി കണ്ടുപിടിച്ച് നിശ്ചയിക്കുന്നതിനും വേണ്ടിയുള്ള സർവ്വേ റവന്യൂ അധികൃതർ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) എ.സി. കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സാദ്ധ്യതാ പഠനങ്ങളുടെയും അതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന DPR -ന്റെയും അടിസ്ഥാനത്തിൽ മാത്രമേ കനാൽ തുറക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഡാമുകളുടെ സുരക്ഷ ഉറപ്പാക്കാൻ പഠനം

18(2116) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനത്ത് പെട്ടെന്നുണ്ടാകുന്ന അതിവൃഷ്ടി ദുർബലാവസ്ഥയിലുള്ള ഡാമുകൾക്ക് ഭീഷണി ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്താനും ഈ പ്രതിഭാസംമൂലം ഡാമുകൾക്ക് ഉണ്ടാകുന്ന അപകടാവസ്ഥയെക്കുറിച്ച് റിപ്പോർട്ട് നൽകാനും വിദഗ്ദ്ധ സമിതിയുടെ സേവനം തേടുമോ ;

(സി) മേഘ വിസ്ഫോടനം എന്ന പ്രതിഭാസം മുല്ലപ്പെരിയാറിന്റെ വൃഷ്ടി പ്രദേശത്തുണ്ടായാൽ ഡാമിന് ഗുരുതരമായ ഭീഷണിയുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ ഹൈഡ്രോളജിക്കൽ റിവ്യൂ പഠനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഡാമുകൾക്ക് ഭീഷണി ഉണ്ടാകുകയാണെങ്കിൽ വിദഗ്ദ്ധ സമിതിയുടെ സേവനം തേടുന്നതാണ്.

(സി&ഡി) ഡൽഹി ഐ.ഐ.ടി. മുല്ലപ്പെരിയാർ ഡാമിന്റെ Probable Maximum Flood Estimation and Routing study നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള PMF Value(2.91 lakh cusecs) CWC estimate ചെയ്തിട്ടുള്ള PMF Value യിനെ(2.12 lakh cusecs) ക്കാൾ വളരെ അധികമാണ്. അത് ഡാമിന്റെ Safety-യെ ബാധിക്കുന്ന പ്രശ്നമാണ്.

എന്നാൽ പ്രസ്തുത പഠനം നടത്തിയിട്ടുള്ളത് Cloud burst/Climate change എന്ന പ്രതിഭാസം കണക്കിലെടുക്കാതെയാണ് എന്ന് ഡൽഹി ഐ.ഐ.റ്റി.യിലെ പഠനം നടത്തിയ ഡോ. ഗോസയിൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രതിഭാസം കൂടി കണക്കിലെടുത്ത് പുതിയ പഠനം നടത്തുന്നപക്ഷം പി.എം.എഫ് വാല്യൂ വീണ്ടും അധികരിക്കുന്നതായി കാണപ്പെടുകയാണെങ്കിൽ അത് തീർച്ചയായും ഡാമിന്റെ സുരക്ഷക്ക് ഭീഷണി ആയിരിക്കും.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

19(2117) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതോടൊപ്പം തമിഴ്നാടുമായി പുതിയ കരാറും ഉണ്ടാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഇതു സംബന്ധിച്ച ഉന്നതാധികാര സമിതിയിൽ ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ ആവശ്യങ്ങളും നിർദ്ദേശങ്ങളുമാണ് സർക്കാർ ഉന്നത സമിതി മുമ്പാകെ സമർപ്പിച്ചത് എന്ന് വിശദമാക്കുമോ ;

(സി) അണക്കെട്ട് നിർമ്മാണം, കാലാവധി, സാധ്യതാപഠനം എന്നീ വിഷയങ്ങൾ സമിതി മുൻപാകെ അവതരിപ്പിക്കുന്നതിനും, അനുകൂലമായ തീരുമാനം ഉണ്ടാകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly